പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2306

18.12.2012-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.അജിത് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കൺസ്യൂമർഫെഡ് ഷോറൂമുകൾ അനുവദിച്ചിട്ടുണ്ട്; ഇതിൽ എത്രയെണ്ണം വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ചു എന്നു വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കൺസ്യൂമർ ഫെഡിന്റെ 47 ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 1 എണ്ണം വൈക്കം നിയോജക മണ്ഡലത്തിൽപെട്ട തലയോലപറമ്പിൽ ആണ്. |
| (ബി) | കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | സഹകരണ സർവ്വീസ് ബാങ്കുകൾക്കും മറ്റ് സംഘങ്ങൾക്കും കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെപ്പറയും പ്രകാരമാണ്:-<br>1. കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സംഘങ്ങളുടെ നിയമാവലിയിൽ ആയതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കണം.<br>2. കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിന് അപേക്ഷിച്ചു കൊണ്ട് സംഘം ഭരണ സമിതി തീരുമാനം |

കൈക്കൊണ്ടിരിക്കണം.

3. കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക ഭദ്രതയും, അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരും സംഘത്തിന് ഉണ്ടായിരിക്കണം.
4. സംഘത്തിന്റെ പ്രവർത്തനം അഴിമതി രഹിതമായിരിക്കണം.
5. കൺസ്യൂമർ സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലം/കെട്ടിട സൗകര്യങ്ങൾ ഉണ്ടായിരിക്കണം.
6. സഹകരണ വകുപ്പുതല അംഗീകാരം ഉണ്ടായിരിക്കണം. ഇവ കൂടാതെ കൺസ്യൂമർ സംഘമായി രജിസ്ട്രേഷൻ നടത്തുന്നതിന് 25 പേരിൽ കുറയാത്ത ആളുകൾ യോഗം ചേർന്ന് തീരുമാനമെടുത്ത് രജിസ്ട്രാർക്ക് ക്രമപ്രകാരമുള്ള അപേക്ഷ സമർപ്പിക്കണം.

| | |
|---|---|
| (സി) എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ സ്റ്റോറുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) സഹകരണ സംഘങ്ങളിൽ നിന്നും ക്രമപ്രകാരമുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തുകളിലും കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ